## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5266** | **05-07-2024 - ൽ മറുപടിയ്ക്ക്**

## വൈഗ കാർഷികമേള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈഗ കാർഷിക മേളകൾ മുഖേന എത്ര പുതിയ സംരംഭകർ അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണമായും ലഭിക്കുന്നതിനുമായി ബിസിനസ്സ് മീറ്റ് (ബി ടു ബി) വൈഗ 2023 ന്റെ ഭാഗമായി സംഘടിപ്പിച്ചു. പ്രസ്തുത B 2 B മീറ്റിൽ 133 'സെല്ലേഴ്സും' (കർഷകർ, FPOs, സംരംഭകർ) 94 'ബയേഴ്സുമാണ്' (കയറ്റുമതിക്കാർ, വൻകിട വ്യാപാരികൾ, വ്യവസായികൾ) പങ്കെടുത്തത്. ഇതിന്റെ ഭാഗമായി 39.76 കോടി രൂപയുടെ 129 സമ്മതപത്രങ്ങളാണ് കൈമാറാൻ സാധിച്ചത്. ലളിതമായ നടപടി ക്രമങ്ങളിലൂടെ കർഷകർക്ക് നേരിട്ട് വ്യാപാര കരാറിൽ ഏർപ്പെടാനുമുള്ള അവസരമാണ് ഇതിലൂടെ ലഭിച്ചത്.<br><br>ഇതിന്റെ വിജയത്തെ തുടർന്ന് എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് (ബി 2 ബി) നടത്തുന്നതിന്റെ മുന്നോടിയായി ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വെച്ച് നടന്ന കൃഷി ദർശന്റെ ഭാഗമായും ചേർത്തല വെച്ച് നടന്ന കരപ്പുറം കാഴ്ചയുടെ ഭാഗമായും ബിസിനസ്സ് മീറ്റ് (ബി 2 ബി ) സംഘടിപ്പിച്ചിരുന്നു.ഹരിപ്പാട് കൃഷി ദർശന്റെ ഭാഗമായി സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ 19 ബയേഴ്സും 15 സെല്ലേഴ്സും പങ്കെടുക്കുകയും 323.26250 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകുവാൻ സാധിക്കുകയും ചെയ്തു.. കരപ്പുറം കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ 11 ബയേഴ്സും 12 സെല്ലേഴ്സും പങ്കെടുക്കുകയും 114.30380 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകുവാൻ സാധിക്കുകയും ചെയ്തു..<br><br>2023-24 സാമ്പത്തിക വർഷം കോഴിക്കോട്,എറണാകുളം ജില്ലകളിൽ ബിസിനസ്സ് മീറ്റ് (ബി 2 ബി) സംഘടിപ്പിച്ചിരുന്നു. എറണാകുളത്തു |

| | | | |
|---|---|---|---|
| | | | വെച്ച് നടന്ന ബിസിനസ്സ് മീറ്റിൽ 73 സെല്ലേഴ്സും 53 ബയേഴ്സും പങ്കെടുത്തു. 12 കരാറുകളിലായി പ്രതിവർഷം 34 കോടി രൂപയുടെ ബിസിനസ്സ് ധാരണയായി. കോഴിക്കോട് വെച്ച് നടന്ന B 2 B മീറ്റിൽ 20 ബയേഴ്സും 56 സെല്ലേഴ്സും പങ്കെടുത്തു. 16 കരാറുകളിലായി 68.8446519 കോടി രൂപയുടെ 16 ധാരണാപത്രങ്ങൾ ഒപ്പു വെച്ചു . |
| (ബി) | പ്രസ്തുത സംരംഭകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന സഹായം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണമായും ലഭിക്കുന്നതിനു വൈഗ കാർഷിക മേളകളിലെ ബിസിനസ്സ് മീറ്റുകൾ സഹായിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന കർഷകരെയും കർഷക സംഘങ്ങളെയും അവ വൻതോതിൽ സംഭരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പരിചയപ്പെടുത്തുക, ബയേഴ്സിന് ആവശ്യമായ ഗുണനിലവാര സൂചികകളെക്കുറിച്ച് കർഷകരെ/ സംരംഭകരെ ബോധവാന്മാരാക്കുക, കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ മികച്ച വില ലഭിക്കാൻ പുതിയ പ്ലാറ്റ്ഫോം ലഭ്യമാക്കുക, ബയേഴ്സിന്റെ ആവശ്യത്തിനനുസരിച്ച് ഉൽപ്പാദന പ്രക്രിയയിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കാൻ അവസരം ഒരുക്കുക തുടങ്ങിയ സഹായങ്ങൾ വൈഗ കാർഷിക മേളകളിലെ ബിസിനസ്സ് മീറ്റുകളിലൂടെ സംരംഭകർക്ക് നല്കാൻ സാധിക്കുന്നു |
| (സി) | വൈഗ കാർഷികമേള വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വൈഗ കാർഷിക മേള നടത്തുന്നത് കൂടാതെ വിവിധ ജില്ലകളിൽ കേരളാഗ്രോ എക്സ്പോ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ